# കേരള സർവകലാശാല

## ബിരുദ പ്രവേശനം 2026–27

## സ്പോട്ട് അലോട്ട്മെന്റ്

സെപ്റ്റംബർ 23 ബുധനാഴ്ച, കേരള സർവകലാശാല സെനറ്റ് ഹാൾ, പാളയത്ത് വച്ച്

## നിർദ്ദേശങ്ങൾ

❖ എന്താണ് സ്പോട്ട് അലോട്ട്മെന്റ്?

ബിരുദ കോഴ്സുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിലേക്കായി ഒരു കേന്ദ്രത്തിൽ വച്ച് (കേരള സർവകലാശാല, സെനറ്റ് ഹാൾ, പാളയം) സർവകലാശാല നേരിട്ട് നടത്തുന്ന അലോട്ട്മെന്റ് പ്രക്രിയയാണ് സ്പോട്ട് അലോട്ട്മെന്റ്.

❖ സ്പോട്ട് അലോട്ട്മെന്റിൽ ആർക്കൊക്കെ പങ്കെടുക്കാം ?

ഓൺലൈൻ രജിസ്ട്രേഷൻ ഉള്ള എല്ലാ വിഭാഗം (ജനറൽ, എസ്.സി, എസ്.റ്റി, എസ്.ഇ.ബി.സി, ഒ.ബി.സി, ഒ.ഇ.സി, ഒ.ബി.എച്ച്, ഒ.ബി.എക്സ്, എൽ.സി മുതലായ) വിദ്യാർത്ഥികൾക്കും (അഡ്മിഷൻ ഉള്ളവർ ഒഴികെ) പങ്കെടുക്കാവുന്നതാണ്.

❖ ഒരു രജിസ്ട്രേഷനും ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥിക്ക് ഈ അലോട്ട്മെന്റിൽ പങ്കെടുക്കാൻ സാധിക്കുമോ?

നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് പുതുതായി രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. ആയതിനായി സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക

(https://admissions.keralauniversity.ac.in/fyugp2026). ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ ചെയ്ത വിദ്യാർത്ഥികളുടെ അഭാവത്തിൽ ഒഴിവുള്ള പക്ഷം പുതുതായി രജിസ്ട്രേഷൻ നടത്തി അലോട്ട്മെന്റ് പ്രോസസ്സിൽ പങ്കെടുക്കാവുന്നതാണ്.

- **സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിലേക്കായി വിദ്യാർത്ഥി എന്ത് ചെയ്യണം ?**

  വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന സെന്ററിൽ രാവിലെ 10 മണിക്ക് മുൻപായി അലോട്ട്മെന്റ് സെന്ററിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം രാവിലെ 8.30 മുതൽ 10.00 മണി വരെ. പ്രസ്തുത സമയം കഴിഞ്ഞു വരുന്ന വരെ കൃത്യസമയത്ത് ഹാജരായ വിദ്യാർത്ഥികൾക്ക് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

- **സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന സെന്ററുകളിൽ ആരെയൊക്കെ പ്രവേശിപ്പിക്കും ?**

  അലോട്ട്മെന്റ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യ പത്രം (Authorization Letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

- **സ്പോട്ട് അലോട്സ്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ലഭിക്കുമോ ?**

  സ്പോട്ട് അലോട്സ്മെന്റിൽ പങ്കെടുക്കുന്നതുകൊണ്ട് മാത്രം അലോട്സ്മെന്റ് ലഭിക്കണമെന്നില്ല. ഒഴിവുള്ള കോളേജ് /കോഴ്സുകളിലേക്ക് അലോട്സ്മെന്റ് ലഭിക്കാനാവശ്യമായ ഇൻഡക്സ് മാർക്ക്, NCC/NSS ക്ലെയിം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ സർട്ടിഫിക്കറ്റുകൾ എന്നിവ വിദ്യാർത്ഥികളുടെ കൈവശം ഉണ്ടെങ്കിൽ മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ.

- **നിലവിൽ അഡ്മിഷൻ ലഭിച്ചവർക്ക് അലോട്സ്മെന്റിൽ പങ്കെടുക്കുവാൻ സാധിക്കുമോ ?**

  സാധിക്കുന്നതല്ല. നിലവിൽ കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഏതെങ്കിലും ബിരുദ കോഴ്സിൽ അഡ്മിഷൻ

എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് (മാനേജ്മെന്റ് സീറ്റ് ഉൾപ്പെടെ) സ്പോട്ട് അല്ലോട്മെന്റിൽ പങ്കെടുക്കാൻ സാധിക്കില്ല.

- **സ്പോട്ട് അലോട്മെന്റിൽ പങ്കെടുക്കുവാൻ വരുന്നവർ എന്തൊക്കെ രേഖകൾ കൊണ്ടുവരണം ?**

  രജിസ്ട്രേഷൻ നടത്തിയ പ്രൊഫൈലിന്റെ പ്രിന്റൗട്ട്, ഒറിജിനൽ ടി.സി, മാർക്ക് ലിസ്റ്റ്, NCC/NSS ക്ലെയിം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ സർട്ടിഫിക്കറ്റുകൾ എന്നിവ നിർബന്ധമായും കൈയിൽ കരുതേണ്ടതാണ്.

- **എന്ത് അടിസ്ഥാനമാക്കിയാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്?**

  ഇൻഡക്സ് മാർക്ക് മാത്രം അടിസ്ഥാനത്തിലുമാണ് സ്പോട്ട് അലോട്മെന്റ് നടത്തപ്പെടുന്നത്.

- **ഇൻഡക്സ് മാർക്ക് എവിടെ നിന്ന് മനസ്സിലാക്കാം ?**

  ഓരോ വിഷയത്തിന്റേയും ഇൻഡക്സ് മാർക്ക് വിദ്യാർത്ഥിയുടെ ഓൺലൈൻ രജിസ്ട്രേഷൻ പ്രൊഫൈലിൽ ലഭ്യമാണ്.

- **വേക്കൻസി പൊസിഷൻ എവിടെ നിന്ന് ലഭിക്കും?**

  അഡ്മിഷൻ വെബ്സൈറ്റിന്റെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുണ്ട് (https://admissions.keralauniversity.ac.in/fyugp2026)

- **സ്പോട്ട് അലോട്ട്മെന്റിന് പുതിയ ഓപ്ഷൻ നൽകേണ്ടതുണ്ടോ ?**

  നൽകേണ്ടതില്ല. നിലവിൽ പ്രൊഫൈലിലുള്ള എല്ലാ കോഴ്സ് ഓപ്ഷനുകളും സ്പോട്ട് അലോട്മെന്റിലേക്ക് പരിഗണിക്കുന്നതാണ് (കോളേജ് മാനദണ്ഡമല്ല.)

- **സ്പോട്ട് അലോട്ട്മെന്റ് ലഭിക്കുന്നവർ ഫീ അടക്കേണ്ടതുണ്ടോ ?**

  ഇതു വരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 1390/- രൂപ, ജനറൽ, മറ്റ് സംവരണ വിഭാഗങ്ങൾക്ക് 2800/- രൂപ) അടയ്ക്കേണ്ടതാണ്. ടി തുക ക്യാഷായി കൈയിൽ കരുതേണ്ടതാണ്, ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

17.09.2026 രജിസ്ട്രാർ (i/c)